DESPATCHED
On...10|ജി|22

27/01/22

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2561603, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP No. 221 (4)/2021** /എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
(ഫയൽ നം.1261 /എസ്.ഐ.സി–ജി2/2021 )
ശ്രീ. കെ.വി. സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ
തീയതി:27.01.2022

ശ്രീ. നൈസൺ ജോൺ,
മഠത്തികുഴിയിൽ വീട്,
മീൻപാറ.പി.ഒ., പരിയാരംകര, ചൂണ്ടി,
പുത്തൻകുരിശ്, എറണാകുളം– 682 308. — അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ & അഡീഷണൽ പോലീസ് സൂപ്രണ്ട്, ജില്ലാ പോലീസ് ഓഫീസ്, ഇടുക്കി. — എതിർകക്ഷികൾ
2. അപ്പീൽ അധികാരി & ജില്ലാ പോലീസ് മേധാവി ഇടുക്കി, ജില്ലാ പോലീസ് ഓഫീസ്, ഇടുക്കി.

## ഉത്തരവ്

ടി അപ്പീൽ ഹർജിയിൽ കമ്മീഷൻ 27.12.2021 ൽ ഉത്തരവ് പുറപ്പെടുവിച്ചിരുന്നതാണ്. ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങളും, സി.ഡി.ആർ പകർപ്പ് ഉൾപ്പെടെയുള്ള രേഖകളും ടിയാന് നിയമപരമായി തന്നെ ലഭിക്കാൻ അർഹതയും അവകാശവും ഉണ്ടെന്നും, ആയതുകൊണ്ട് മുഴുവൻ വിവരങ്ങളും സി.ഡി.ആർ പകർപ്പ് അടക്കമുള്ള രേഖകളും 2022 ജനുവരി 15 നകം ടിയാന് നൽകേണ്ടതും ടി വിവരം കമ്മീഷനെ അറിയിക്കേണ്ടതാണെന്നുമായിരുന്നു ഉത്തരവിൽ പറഞ്ഞിരുന്നത്. ഇതനുസരിച്ച്, ഒന്നാം എതിർകക്ഷി 13.01.2022 ൽ കമ്മീഷന് മറുപടി നൽകി. അതിൽ ഇപ്രകാരം പറയുന്നു. "സി.ഡി.ആർ കൈവശം സൂക്ഷിച്ചുകൊള്ളാമെന്നും, ആർക്കും ഷെയർ ചെയ്യില്ലാ എന്നും, കോടതിയിൽ സമർപ്പിക്കേണ്ട ആവശ്യം വന്നില്ലായെങ്കിൽ, നശിപ്പിച്ചുകൊള്ളാമെന്നുമുള്ള നിബന്ധനയിലാണ് സേവന ദാതാക്കൾ സി.ഡി.ആർ നൽകുന്നത്" എന്നാണ്. ജില്ലാ പോലീസ് ഓഫീസിലെ

ക്രൈം 94/19 കേസിന്റെ അന്വേഷണ ഉദ്യോഗസ്ഥനായിരുന്ന ജില്ലാ ക്രൈംബ്രാഞ്ച് ഡി.വൈ.എസ്.പി, ശ്രീ.റ്റി.എ.ആന്റണിയുടെ കൈവശം ലഭ്യമായിരുന്ന രേഖകൾ ഹാജരാക്കി തന്നതു പ്രകാരം, ടി രേഖകൾ സൗജന്യമായി അപേക്ഷകന് ലഭ്യമാക്കിയിട്ടുണ്ട്. മറുപടിയും പ്രസ്തുത രേഖകളുടെ പകർപ്പുകളും അങ്ങയുടെ അറിവിലേക്കും, അനന്തര നടപടികൾക്കുമായി ഇതോടൊപ്പം സമർപ്പിച്ചു കൊള്ളുന്നു".

2) അന്വേഷണ ഉദ്യോഗസ്ഥനായിരുന്ന ഡി.വൈ.എസ്.പി, ശ്രീ.റ്റി.എ.ആന്റണി 04.01.2022 ൽ ഇടുക്കി ജില്ലാ പോലീസ് മേധാവിക്കു നൽകിയ കത്തിന്റെ പകർപ്പും കമ്മീഷന് ലഭ്യമാക്കിയിട്ടുണ്ട്. അതിൽ പറയുന്നത് നിർദ്ദിഷ്ട ഫോണിന്റെ ടവർ ലോക്കേഷനുകൾ ഉൾപ്പെടുന്ന സി.ഡി.ആർ പരിശോധനാ വിധേയമാക്കി കേസിന്റെ അന്വേഷണ ആവശ്യത്തിലേക്ക് വേണ്ടി, പ്രിന്റൗട്ട് ആയി സൂക്ഷിച്ചിട്ടുള്ളതും. ലഭിച്ചിരുന്ന സി.ഡി.ആറിന്റെ സോഫ്ട് കോപ്പി ഉൾപ്പടെ സി.ഡി.ആർ റിക്വസ്റ്റിൽ നൽകുന്ന പ്രൊഫോമയിലെ ഡിക്ലറേഷൻ പ്രകാരം ഡിലീറ്റ് ചെയ്തിട്ടുള്ളതാണ് എന്നാണ്.

3) എതിർകക്ഷികളുടെ മറുപടി കമ്മീഷൻ വിശദമായി പരിശോധിച്ചു. നിലവിൽ എതിർകക്ഷികളുടെ കൈവശമുള്ള ലഭ്യമായ സി.ഡി.ആർ വിവരങ്ങളും രേഖകളും അപ്പീൽ ഹർജിക്കാരന് നൽകിയിട്ടുണ്ട് എന്നു വേണം കരുതാൻ. എന്നാൽ, ആയത് പൂർണ്ണമായ സി.ഡി.ആർ വിവരങ്ങൾ അല്ലായെന്ന് എതിർകക്ഷികളുടെ വിശദീകരണത്തിൽ നിന്നു തന്നെ ബോധ്യപ്പെടുന്നതാണ്.

4) സി.ഡി.ആർ കൈവശം സൂക്ഷിച്ചുകൊള്ളാമെന്നും, ആർക്കും ഷെയർ ചെയ്യില്ലായെന്നും, കോടതിയിൽ സമർപ്പിക്കേണ്ട ആവശ്യം വന്നില്ലായെങ്കിൽ, നശിപ്പിച്ചുകൊള്ളാമെന്നുമുള്ള നിബന്ധനയിലാണ് സി.ഡി.ആർ സേവനദാതാക്കൾ നൽകുന്നത് എന്ന് മൂന്നാം എതിർകക്ഷി പറഞ്ഞിട്ടുണ്ട്.

5) ഇത് കമ്മീഷന് ബോധ്യപ്പെടേണ്ടതുണ്ട് അതുകൊണ്ട്, ഇത്തരത്തിൽ സി.ഡി.ആർ ലഭ്യമാക്കാൻ എതിർകക്ഷികൾ സേവനദാതാക്കളുമായി ഏർപ്പെട്ട നിബന്ധനയുടെ ആധികാരികമായ പകർപ്പ് 2022 ഫെബ്രുവരി 12 നകം കമ്മീഷന് ലഭ്യമാക്കേണ്ടതാണ്. അതോടൊപ്പം, യഥാസമയം കൃത്യമായി വിവരം നൽകാതിരുന്നതിന് നടപടിയെടുക്കാതിരിക്കാൻ കാരണങ്ങളുണ്ടെങ്കിൽ ആയതും

കമ്മീഷനെ അറിയിക്കേണ്ടതാണ് എന്ന് 27.12.2021 ലെ കമ്മീഷന്റെ ഉത്തരവിൽ പറഞ്ഞിരുന്നെങ്കിലും, അതു സംബന്ധിച്ച ഒരു വിശദീകരണവും മറുപടി കത്തിൽ കാണുന്നില്ല. ഇത് നടപടി ആവശ്യപ്പെടുന്ന കാര്യമാണ് എന്നതും കമ്മീഷൻ എതിർകക്ഷികളെ ഓർമ്മപ്പെടുത്തുന്നു.

6) ഇപ്രകാരം ഇന്നേദിവസം 27.01.2022 ന് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഒപ്പ്)**
**കെ.വി.സുധാകരൻ,**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

Va